(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഖനന പ്രവർത്തനം ആരംഭിക്കുമ്പോൾ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് കമ്പനിയോട് ആവശ്യപ്പെടുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ബോക്സൈറ്റ്-ക്ലേ നിക്ഷേപങ്ങൾക്ക് ഖനനാനുമതി നൽകാൻ നടപടി

19 [957] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോംബെ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ആശാപുര മൈംഗ്രോ ലിമിറ്റഡ് എന്ന സ്ഥാപനം കാസർഗോഡ് ജില്ലയിലെ ബോക്സൈറ്റ്-ക്ലേ നിക്ഷേപങ്ങൾ ഖനനം ചെയ്യുന്നതിനുള്ള അനുമതിക്കായി നൽകിയ അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ :

(ബി) കിനാന്നൂർ-കരിന്തളം പഞ്ചായത്തിലെ ഖനന നിർദ്ദേശം സംബന്ധിച്ച് കാസർഗോഡ് ജില്ലാ കളക്ടർ വിളിച്ചുചേർത്ത രാഷ്ട്രീയ പാർട്ടികളുടെയും ജനപ്രതിനിധികളുടെയും യോഗം ഏകകണ്ഠമായി നിർദ്ദേശത്തെ എതിർത്ത സാഹചര്യത്തിൽ ഖനനാനുമതി നിഷേധിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത കമ്പനി സംസ്ഥാനത്തെ മറ്റേതെങ്കിലും പ്രദേശത്ത് ഖനനാനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(1) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ സർവെ നമ്പർ 89-ൽപ്പെട്ട 1054 ഏക്കർ.

(2) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ കിനാന്നൂർ വില്ലേജിലെ സർവെ നമ്പർ 156, 198, 246, 248, 274 ഇവയിൽപ്പെട്ട 1670.37 ഏക്കർ.

(3) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിലെ മടിക്കൈ വില്ലേജിലെ സർവെ നമ്പർ 676 ഇവയിൽപ്പെട്ട 967.23 ഏക്കർ.

(4) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിലെ പേരോൾ വില്ലേജിലെ സർവെ നമ്പർ 237, 238, 298, 328, 775, 777 എന്നിവയിൽപ്പെട്ട 223 ഏക്കർ.

(5) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ പേരോൾ വില്ലേജിലെ സർവെ നമ്പർ 135, 171 മുതൽ 173, 175 മുതൽ 180 വരെ, 184 മുതൽ 186 വരെ, 189, 768, 776, 771, 772 ഇവയിൽപ്പെട്ട 440.99 ഏക്കർ.

(6) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ കോയിപ്പാടി വില്ലേജിൽ സർവെ നമ്പർ 344, 350, 354 മുതൽ 361, 366 മുതൽ 378 ഇവയിൽപ്പെട്ട 291.98 ഏക്കർ.

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പ്രസ്തുത കമ്പനി ഓക്സൈറ്റും ചൈനാ ക്ലേയും ഖനനം ചെയ്യുന്നതിനായി അപേക്ഷിച്ചത് സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

(സി) ഇല്ല.

പുനലൂർ പേപ്പർ മില്ലിന്റെ പുനരുദ്ധാരണം

20 [958] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർ മിൽ എന്നാണ് പ്രവർത്തനം നിർത്തിയത് ;

(ബി) പ്രവർത്തനം നിർത്തുമ്പോൾ എത്ര തൊഴിലാളികളും ജീവനക്കാരും ഉണ്ടായിരുന്നു ; ഇതിൽ എത്ര തൊഴിലാളികൾ കടബാദ്ധ്യതമൂലം ആത്മഹത്യ ചെയ്തു ;

(സി) ഈ സ്ഥാപനം പൂട്ടുമ്പോൾ മാനേജ്മെന്റിന് ഉണ്ടായിരുന്ന കടബാദ്ധ്യതകൾ എന്തൊക്കെയാണ് ;

(ഡി) മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഇ) മാനേജ്മെന്റുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ ; അതിന്റെ കോപ്പി ലഭ്യമാക്കുമോ ; ഇതനുസരിച്ച് എന്തെല്ലാം ഇളവുകളാണ് മാനേജ്മെന്റിന് നൽകിയത് ;

(എഫ്) മിൽ തുറക്കാത്ത സാഹചര്യത്തിൽ മാനേജ്മെന്റിന് നൽകിയ ഇളവുകൾ റദ്ദാക്കുന്ന കാര്യം പരിഗണിക്കുമോ;

(ജി) മിൽ തുറക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണ് ;

(എച്ച്) മിൽ പൂട്ടുന്ന സമയം തൊഴിലാളികൾക്കും ജീവനക്കാർക്കും ശമ്പള കുടിശ്ശിക, ഗ്രാറ്റുവിറ്റി, പി. എഫ്. തുടങ്ങിയ വകയിൽ എത്ര തുക ലഭിക്കുവാനുണ്ടായിരുന്നു ;

(ഐ) ഇത് നൽകുന്നത് സംബന്ധിച്ച് മാനേജ്മെന്റുമായി സർക്കാർ എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ;

(ജെ) തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള ഈ കുടിശ്ശിക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുനലൂർ പേപ്പർ മിൽ 1987 മുതൽ അടഞ്ഞുകിടക്കുകയാണ്.

(ബി & സി) കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly